ജില്ലാ കളരിപ്പയറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ നെട്ടൂർ ഇഎൻഎസ് കളരി സംഘത്തിന് ദീപക് ജോയ് എംഎൽഎ ട്രോഫി സമ്മാനിക്കുന്നു.

ജില്ലാ കളരിപ്പയറ്റ് മത്സരം: നെട്ടൂർ ഇഎൻഎസ് കളരി ജേതാക്കൾ

പനങ്ങാട്: ജില്ലാ സ്പോർട്സ് കളരിപ്പയറ്റ് അസോസിയേഷൻ പനങ്ങാട് എസ്എസ് സഭാ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച 13-ാമത് ജില്ലാ കളരിപ്പയറ്റ് മത്സരത്തിൽ 198 പോയിന്റോടെ നെട്ടൂർ ഇഎൻഎസ് കളരി ഒന്നാം സ്ഥാനവും 88 പോയിന്റോടെ നോർത്ത് പറവൂർ ഖലൂരികാശ്രമം കളരി രണ്ടാം സ്ഥാനവും 50 പോയിന്റോടെ വടുതല

ഇഎൻഎസ് കളരി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മത്സരങ്ങളുടെ ഉദ്ഘാടനം പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അഫ്സൽ നമ്പ്യാരത്ത് നിർവഹിച്ചു. സമാപന സമ്മേളനം ദീപക് ജോയ് എംഎൽഎ ഉദ്ഘാടനം ചെയ്തു. വിജയികൾക്ക് ദീപക് ജോയ് എംഎൽഎ, കുമ്പളം പഞ്ചായത്ത് പ്രസിഡന്റ് റസീന സലാം എന്നിവർ സമ്മാനങ്ങൾ നൽകി.

യുവത്വം സ്വപ്നങ്ങൾ പിന്തുടരണം: സ്വപ്ന ഏബ്രഹാം

കൊച്ചി: ജീവിതത്തിലെ പരാജയങ്ങളും ദൗർബല്യങ്ങളും സ്വപ്നങ്ങൾ ഉപേക്ഷിക്കാനുള്ള കാരണങ്ങളാക്കരുതെന്നും വ്യക്തമായ ലക്ഷ്യവും ശക്തമായ ഇച്ഛാശക്തിയുമുണ്ടെങ്കിൽ അസാധ്യമെന്ന് കരുതുന്ന കാര്യങ്ങൾപോലും നേടിയെടുക്കാനാകുമെന്നും പ്രഭാഷകയും സംഗീതജ്ഞയുമായ സ്വപ്ന ഏബ്രഹാം പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ യംഗ് ലീഡേഴ്സ് ഫോറം ഉദ്ഘാടനം ചെയ്ത് 'ഹു സെയ്സ് ഇറ്റ് കാൺട് ബിഡൺ' എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അവർ.

ഓരോ വ്യക്തിക്കും തനതായ കഴിവുകളും അനുഭവങ്ങളും സമൂഹത്തിൽ സൃഷ്ടിക്കാനാകുന്ന പ്രത്യേക സ്വാധീനവുമുണ്ടെന്നും മറ്റൊരാൾക്ക് ഒരാളുടെ സ്ഥാനത്ത് അതേ രീതിയിൽ പ്രവർത്തിക്കാൻ കഴിയില്ലെന്നും അവർ പറഞ്ഞു.

കൊച്ചിയെ കൂടുതൽ വൃത്തിയുള്ള നഗരമാക്കി മാറ്റണമെന്ന തന്റെ ആഗ്രഹവും അവർ പങ്കുവച്ചു.

'ഇത് ചെയ്യാനാവില്ലെന്ന് ആരാണ് പറയുന്നത്? നമുക്ക് അത് ചെയ്യാം' എന്ന സന്ദേശത്തോടെയാണ് അവർ പ്രസംഗം അവസാനിപ്പിച്ചത്.

കെഎംഎ പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് അധ്യക്ഷത വഹിച്ചു. തോമസ് വർഗീസ് സ്വാഗതവും ലേഖ ബാലചന്ദ്രൻ നന്ദിയും പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ യംഗ് ലീഡേഴ്സ് ഫോറം സംഗീതജ്ഞ സ്വപ്ന ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു. രൂപ ജോർജ്, അനൂപ് തോമസ്, നിവേദിത് ജോർജ്, അൽജിയേഴ്സ് ഖാലിദ്, ലേഖ ബാലചന്ദ്രൻ, തോമസ് വർഗീസ് എന്നിവർ സമീപം.

സ്പൈസ് ജെറ്റ് വിമാനങ്ങൾ ഇന്നലെയും വൈകി

നെടുമ്പാശേരി: കൊച്ചി വിമാനത്താവളത്തിൽ നിന്നുള്ള സ്പൈസ് ജെറ്റ് വിമാനങ്ങൾ ഇന്നലെയും വൈകിയാണ് സർവീസ് നടത്തിയത്. ശനിയാഴ്ച രാവിലെ 11.45-ന് പുറപ്പെടേണ്ട സ്പൈസ് ജെറ്റിന്റെ ഫുജൈറ വിമാനം ഇന്നലെ ഉച്ചയ്ക്ക് 12.10-ന് ആണ് യാത്ര തിരിച്ചത്.

ഇന്നലെ പുലർച്ചെ 12.25ന് പുറപ്പെടേണ്ട ദുബായ് വിമാനം ഉച്ചയ്ക്ക് 12.30ന് ആണ് സർവീസ് നടത്തിയത്. ശനിയാഴ്ച രാവിലെ 6.55ന് കൊച്ചിയിലെത്തേണ്ടിയിരുന്ന ഫുജൈറ വിമാനം ഇന്നലെ രാവിലെ പത്തിനാണ് വന്നത്. ശനിയാഴ്ച രാത്രി 9.20ന് ദുബായിൽ നിന്ന് എത്തേണ്ട വിമാനം വന്നത് ഇന്നലെ രാവിലെ 11ന്.

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസിയുടെ (സിഐഐ) യുവജന വിഭാഗമായ യംഗ് ഇന്ത്യൻസ് (വൈഐ) തേവര എസ്എച്ച് ഈസ്റ്റ് കാമ്പസിൽ സംഘടിപ്പിച്ച ദ്വിദിന വൈഐ കൊച്ചി ഇൻസ്പിരേഷൻ സമ്മിറ്റ് ആംപ്ലിഫൈഡ് 2026ന്റെ സമാപനച്ചടങ്ങിൽ മന്ത്രി റോജി എം. ജോൺ സംസാരിക്കുന്നു.

പുതുതലമുറയുടെ ഉത്തരവാദിത്വം വലുതെന്ന് മന്ത്രി റോജി എം. ജോൺ

കൊച്ചി: എല്ലാ മേഖലകളിലും എഐ വലിയ മാറ്റങ്ങൾ കൊണ്ടുവരികയും മനുഷ്യർക്കു പകരമാവുകയും തൊഴിലവസരങ്ങൾ ഇല്ലാതാക്കുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന ഇക്കാലത്ത് സാങ്കേതികവിദ്യകളിൽ പ്രാവീണ്യം നേടി മാറ്റങ്ങളുടെ മുന്നിൽ നിൽക്കാൻ പുതിയ തലമുറയ്ക്ക് ഉത്തരവാദിത്വമുണ്ടെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ (സിഐഐ) യുവജന വിഭാഗമായ യംഗ് ഇന്ത്യൻസ് (വൈഐ) സംഘടിപ്പിച്ച ദ്വിദിന വൈഐ കൊച്ചി ഇൻസ്പിരേഷൻ സമ്മിറ്റ് ആംപ്ലിഫൈഡ് 2026 ന്റെ സമാപനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

പ്രചോദനം, ആഗ്രഹം, അധ്വാനം എന്നിവയിലൂടെ മാത്രമേ ജീവിതലക്ഷ്യങ്ങൾ നേടാനാകുവെന്ന് മുഖ്യാതിഥിയായ സംസ്ഥാന അഡ്വക്കേറ്റ് ജനറൽ കെ.ജാജു ബാബു പറഞ്ഞു. തേവര സേക്രഡ് ഹാർട്ട് കോളജ് ഈസ്റ്റ് കാമ്പസിൽ നടന്ന ചടങ്ങിൽ സിഐഐ സംസ്ഥാന വൈസ് ചെയർമാൻ സന്തോഷ് കുമാർ, കേരള വൈഐ കൊച്ചി ചെയർപേഴ്സൻ ആഷിക ജെയിൻ, വൈസ് ചെയർമാൻ ദീപു സേവ്യർ, മുൻകാല ഭാരവാഹികളായ വിവേക് കൃഷ്ണ ഗോവിന്ദ്, ജോർജ് മുത്തൂറ്റ് ജോർജ്, പ്രണവ് ജോഷി എന്നിവരും പങ്കെടുത്തു.

പരിപാടിയുടെ ഭാഗമായി നടന്ന വിവിധ മത്സരങ്ങളിൽ വിജയിച്ച ഫ്യൂച്ചർ 6.0 ഫൈനൽ അവാർഡുകൾ, ചേഞ്ച്മേക്കർ അവാർഡുകൾ എന്നിവയും വിതരണം ചെയ്തു. സമാപനദിവസമായ ഇന്നലെ നടന്ന വിവിധ സെഷനുകൾ റോബർട്ട് ലോബോ, വേണു രാജാമണി, ലോക്നാഥ് ബെഹ്റ, ലക്ഷ്മി മേനോൻ, അരുൺ രാജ്, ആദിൽ ജലീൽ, സിദ്ധാർത്ഥ് വർമ, ബിജു ഐസക്, ഡോ. പി ജി പോൾ, ഡോ ജോർജ് പോൾ എന്നിവർ നയിച്ചു.

ശിശുമരണനിരക്ക് കുറയ്ക്കാൻ പീഡിയാട്രിക് കാർഡിയോളജി പരിചരണം ശക്തമാക്കണമെന്ന് ശിശുരോഗ വിദഗ്ധർ

കൊച്ചി: കുട്ടികളിലെ മരണനിരക്ക് കുറയ്ക്കുന്നതിന് പീഡിയാട്രിക് കാർഡിയോളജി പരിചരണം കൂടുതൽ ശക്തമാക്കണമെന്ന് ശിശുരോഗ വിദഗ്ധർ. തങ്ങളുടെ ദൈനംദിന ചികിത്സാരീതികളിൽ ഹൃദ്രോഗ പരിചരണത്തിന് ഉയർന്ന പ്രാധാന്യം നൽകണമെന്നും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐഎപി) സംസ്ഥാന പ്രസിഡന്റ് ഡോ. എം.കെ. നന്ദകുമാർ അഭിപ്രായപ്പെട്ടു.

ആസ്റ്റർ മെഡ്സിറ്റി സെന്റർ ഓഫ് എക്സലൻസ് ഇൻ പീഡിയാട്രിക്സ് ആൻഡ് നിയോനറ്റോളജി, പീഡിയാട്രിക് കാർഡിയോളജി വിഭാഗം, ഐഎപി കൊച്ചി ബ്രാഞ്ച് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആസ്റ്റർ കിഡ്സ് പത്താമത് മൺസൂൺ സിഎംഇ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നവജാതശിശുക്കളിലും കുട്ടികളിലും കാണപ്പെടുന്ന എസ്‌വിടി, ലോംഗ് ക്യു ടി തുടങ്ങിയ അടിയന്തര ഹൃദ്രോഗാവസ്ഥകൾ കൃത്യസമയത്ത് തിരിച്ചറിയുന്നതും പ്രാരംഭ ഘട്ടത്തിൽ നൽകുന്ന ശരിയായ ചികിത്സയും മരണനിരക്കും അനുബന്ധ വൈകല്യങ്ങളും തടയുന്നതിൽ നിർണായകമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

ആസ്റ്റർ മെഡ്സിറ്റി പീഡിയാട്രിക്സ് വിഭാഗം മുൻ മേധാവി ഡോ. പി.സി. അലക്സാണ്ടർ തുടക്കം കുറിച്ച മൺസൂൺ സിഎംഇ, കഴിഞ്ഞ പത്ത് വർഷം കൊണ്ട് സംസ്ഥാനത്തെ പ്രമുഖ തുടർച്ചയായ വൈദ്യശാസ്ത്ര വിദ്യാഭ്യാസ പദ്ധതിയായി മാറിയെന്ന് ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി.ആർ. ജോൺ പറഞ്ഞു. ചടങ്ങിൽ ഡോ. സുൾഫിക്കർ അഹമ്മദ്, ഡോ. പി.സി. അലക്സാണ്ടർ അനുസ്മരണ പ്രഭാഷണം നിർവഹിച്ചു.

കുട്ടികളിലെ ഹൃദ്രോഗങ്ങൾ പ്രധാന വിഷയമായ നടന്ന ഏകദിന കോൺഫറൻസിൽ ജന്മനായുള്ള ഹൃദ്രോഗങ്ങൾ, നവജാതശിശുക്കളിലെ പൾമണറി ഹൈപ്പർടെൻഷൻ, കവസാക്കി രോഗം, അടിയന്തര ഹൃദ്രോഗ ചികിത്സകൾ എന്നിവയിൽ ശാസ്ത്രീയ സെഷനുകളും പാനൽ ചർച്ചകളും കേസ് പ്രസന്റേഷനുകളും പി.ജി വിദ്യാർഥികൾക്കായുള്ള ക്വിസ് മത്സരവും നടന്നു. സംഘാടക ചെയർമാനും ആസ്റ്റർ മെഡ്സിറ്റി സീനിയർ കൺസൾട്ടന്റുമായ ഡോ. ജീസൺ സി. ഉണ്ണി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

ആസ്റ്റർ മെഡ്സിറ്റിയിൽ സംഘടിപ്പിച്ച മൺസൂൺ സിഎംഇ ഐഎപി സംസ്ഥാന പ്രസിഡന്റ് ഡോ. എം.കെ. നന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

മോർഫിംഗ് കേസ്: പ്രതിക്കായി ഇന്ന് കോടതിയിൽ അപേക്ഷ നൽകും

കാക്കനാട്: അധ്യാപകരുടെയും സഹപാഠികളുടെയും ഫോട്ടോകളും വീഡിയോകളും അശ്ലീല രീതിയിൽ മോർഫ് ചെയ്ത് സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിച്ച കേസിൽ റിമാൻഡിൽ കഴിയുന്ന തിരുവനന്തപുരം കിളിമാനൂർ സ്വദേശി ശ്രീഹരിയെ (20) കസ്റ്റഡിയിൽ വിട്ടുകിട്ടാൻ അന്വേഷണ സംഘം ഇന്ന് അപേക്ഷ നൽകും.

കുറ്റകൃത്യത്തിൽ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടോ, മറ്റു കോളജുകളിൽ പഠിക്കുന്ന വിദ്യാർഥികളുമായി പ്രതിക്കു ബന്ധങ്ങളുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ അന്വേഷണം വേണ്ടിവരും. കസ്റ്റഡി അപേക്ഷയിന്മേൽ പ്രതിയെ കോടതി ഇന്ന് കസ്റ്റഡിയിൽ വിട്ടുനൽകുമെന്നാണ് പൊലിസ് നൽകുന്ന സൂചന.

മദ്യപാനത്തിന് സുരക്ഷിതമായ ആയുർവേദ ചികിത്സ ലഭ്യമാണ്.
Nava Care Ayurveda Edappally
9447114567
K2608-601202

നോട്ടീസ്

ലോട്ടസ് ടെൻ നിധി ലിമിറ്റഡ്
(CIN: U65929KL2021PLN067380)
VIII/424 A, സിപ്പീസ് കോംപ്ലക്സ് കുറുമശ്ശേരി, പാറക്കടവ്, എറണാകുളം, പിൻ 683 579

വാർഷിക പൊതുയോഗ നോട്ടീസ്

ലോട്ടസ് ടെൻ നിധി ലിമിറ്റഡിന്റെ അംഗങ്ങളുടെ 6-ാമത് വാർഷിക പൊതുയോഗം 2026 സെപ്തംബർ 29, ചൊവ്വാഴ്ച രാവിലെ 10 മണിക്ക് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസായ VIII/424 A, സിപ്പീസ് കോംപ്ലക്സ്, കുറുമശ്ശേരി, പാറക്കടവ്, എറണാകുളം. പിൻ - 683 579 ൽ ചേരുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

യോഗത്തിൽ പരിഗണിക്കുന്ന പ്രത്യേക കാര്യങ്ങൾ വിശദീകരിക്കുന്ന പൊതുയോഗ നോട്ടീസ് അടക്കമുള്ള 2024--26ലെ വാർഷിക റിപ്പോർട്ട് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

നോട്ടീസിന്റെ വിവരങ്ങൾ 3 ദിവസത്തിനുള്ളിൽ കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗങ്ങളുടെ ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്നതായിരിക്കും. കമ്പനിയുടെ അംഗങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിലോ ഫോൺ നമ്പറിലോ ബന്ധപ്പെട്ട് അവരുടെ ഇ-മെയിൽ വിലാസം രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്.

ഇ-മെയിൽ: lotus10nidhi@gmail.com
ഫോൺ നമ്പർ: 0484 2947906

ബോർഡിന്റെ ആജ്ഞാനുസരണം
ലോട്ടസ് ടെൻനിധി ലിമിറ്റഡിനു വേണ്ടി
(ഒപ്പ്) കെ.ജെ.സെബാസ്റ്റിൻ,
മാനേജിംഗ് ഡയറക്ടർ
ഡിൻ 06451978
സ്ഥലം: കുറുമശ്ശേരി
തീയതി:07.09.2026
E2609-601849

കവിത നിധി ലിമിറ്റഡ്
(CIN: U65999KL2016PLC046279)
5/822F, കവിത ബിൽഡിംഗ്, മുനിസിപ്പൽ ജംഗ്ഷൻ, എൻ.പറവൂർ, എറണാകുളം, കേരളം 683 513, ഇന്ത്യ.
ഫോൺ: 0484 2445556

വാർഷിക പൊതുയോഗ നോട്ടീസ്

കവിത നിധി ലിമിറ്റഡിന്റെ അംഗങ്ങളുടെ 10-ാമത് വാർഷിക പൊതുയോഗം 2026 സെപ്തംബർ 29, ചൊവ്വാഴ്ച രാവിലെ 11 മണിക്ക് കവിത ഇവന്റ് ഹബ്ബ്, കെടാമംഗലത്ത് ചേരുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

യോഗത്തിൽ പരിഗണിക്കുന്ന പ്രത്യേക കാര്യങ്ങൾ വിശദീകരിക്കുന്ന പൊതുയോഗ നോട്ടീസ് അടക്കമുള്ള 2025-'26ലെ വാർഷിക റിപ്പോർട്ട് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

നോട്ടീസിന്റെ വിവരങ്ങൾ 3 ദിവസത്തിനുള്ളിൽ കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗങ്ങളുടെ ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്നതായിരിക്കും. കമ്പനിയുടെ അംഗങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിലോ ഫോൺ നമ്പറിലോ ബന്ധപ്പെട്ട് അവരുടെ ഇ-മെയിൽ വിലാസം രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്.

ഇ-മെയിൽ: kavithanidhilimited@gmail.com
ഫോൺ നമ്പർ: 0484 2445556

ബോർഡിന്റെ ആജ്ഞാനുസരണം
കവിത നിധി ലിമിറ്റഡിനു വേണ്ടി
(ഒപ്പ്) കവിത വർഗീസ്,
മാനേജിംഗ് ഡയറക്ടർ
ഡിൻ :06471061
സ്ഥലം:എൻ.പറവൂർ
തീയതി:07.09.2026.
E2609-601853

ഫിൻവിസ്മ നിധി ലിമിറ്റഡ്
(CIN: U65990KL2020PLN064596)
13/576J, ഒന്നാം നില, സെന്റ്.ജോർജ് ചർച്ച് കോംപ്ലക്സ്, മറ്റൂർ, കാലടി പി.ഒ., എറണാകുളം, കേരളം, പിൻ-683 574
ഫോൺ: 0484-2464946, 79940 36661

വാർഷിക പൊതുയോഗ നോട്ടീസ്

ഫിൻവിസ്മ നിധി ലിമിറ്റഡിന്റെ അംഗങ്ങളുടെ 6-ാമത് വാർഷിക പൊതുയോഗം 2025 സെപ്തംബർ 29, ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് 13/576J, ഒന്നാം നില, സെന്റ്.ജോർജ് ചർച്ച് കോംപ്ലക്സ്, മറ്റൂർ, കാലടി പി.ഒ., എറണാകുളം, പിൻ-683 574ലുള്ള കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിൽ ചേരുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

യോഗത്തിൽപരിഗണിക്കുന്നപ്രത്യേക കാര്യങ്ങൾ വിശദീകരിക്കുന്ന പൊതുയോഗ നോട്ടീസ് അടക്കമുള്ള 2025-26ലെ വാർഷിക റിപ്പോർട്ട് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

നോട്ടീസിന്റെ വിവരങ്ങൾ 3 ദിവസത്തിനുള്ളിൽ കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗങ്ങളുടെ ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്നതായിരിക്കും. കമ്പനിയുടെ അംഗങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിലോ ഫോൺ നമ്പറിലോ ബന്ധപ്പെട്ട് അവരുടെ ഇ-മെയിൽ വിലാസം രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്.

ഇ-മെയിൽ: finvismaanidhi2020@gmail.com
ഫോൺ നമ്പർ: 0484 2464946, 79940 36661

ബോർഡിന്റെ ആജ്ഞാനുസരണം
ഫിൻവിസ്മ നിധി ലിമിറ്റഡിനു വേണ്ടി
(ഒപ്പ്) സുനിത എൻ.,
മാനേജിംഗ് ഡയറക്ടർ
ഡിൻ 8891917
സ്ഥലം:മറ്റൂർ,
തീയതി:07.09.2026.
E2609-601835

ഫ്രീമെൻ ഇൻവെസ്റ്റ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡ്
(CIN:U65993KL1992PTC006653)
കവിത ബിൽഡിംഗ്, 5/822G, ലൈബ്രറി റോഡ്, മുനിസിപ്പൽ ജംഗ്ഷൻ, എൻ.പറവൂർ -683 513, എറണാകുളം,
ഫോൺ: 0484 2445556

വാർഷിക പൊതുയോഗ നോട്ടീസ്

ഫ്രീമെൻ ഇൻവെസ്റ്റ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ അംഗങ്ങളുടെ 34-ാമത് വാർഷിക പൊതുയോഗം 2026 സെപ്തംബർ30, ബുധനാഴ്ച വൈകുന്നേരം 4 മണിക്ക് കവിത ഇവന്റ് ഹബ്ബ്, കെടാമംഗലത്ത് ചേരുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

യോഗത്തിൽ പരിഗണിക്കുന്ന പ്രത്യേക കാര്യങ്ങൾ വിശദീകരിക്കുന്ന പൊതുയോഗ നോട്ടീസ് അടക്കമുള്ള 2025-'26ലെ വാർഷിക റിപ്പോർട്ട് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

നോട്ടീസിന്റെ വിവരങ്ങൾ 3 ദിവസത്തിനുള്ളിൽ കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗങ്ങളുടെ ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്നതായിരിക്കും. കമ്പനിയുടെ അംഗങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിലോ ഫോൺ നമ്പറിലോ ബന്ധപ്പെട്ട് അവരുടെ ഇ-മെയിൽ വിലാസം രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്.

ഇ-മെയിൽ: info.freemeninvestments@gmail.com
ഫോൺ നമ്പർ: 0484 2445556

ബോർഡിന്റെ ആജ്ഞാനുസരണം
ഫ്രീമെൻ ഇൻവെസ്റ്റ്മെന്റ്സ് പ്രൈവറ്റ് ലിമിറ്റഡിനു വേണ്ടി
(ഒപ്പ്) കെ.ഒ.വർഗീസ്,
മാനേജിംഗ് ഡയറക്ടർ
ഡിൻ 06471050
സ്ഥലം:എൻ.പറവൂർ,
തീയതി:07.09.2026.
E2609-601843

ചമ്പക്കര അർബൻ നിധി ലിമിറ്റഡ്
(CIN: U65999KL2019PLC058826)
തുണ്ടയിൽ ബിൽഡിംഗ്, പേട്ട മെട്രോ സ്റ്റേഷനു സമീപം, പൂണിത്തുറ, കൊച്ചിൻ - 682 038
ഫോൺ: 0484-2953370

വാർഷിക പൊതുയോഗ നോട്ടീസ്

ചമ്പക്കര അർബൻ നിധി ലിമിറ്റഡിന്റെ അംഗങ്ങളുടെ 7-ാമത് വാർഷിക പൊതുയോഗം 2026 സെപ്തംബർ 30, ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് തുണ്ടയിൽ ബിൽഡിംഗ്, പൂണിത്തുറ, കൊച്ചിൻ- 682 038ലുള്ള കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിൽ ചേരുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

യോഗത്തിൽ പരിഗണിക്കുന്ന പ്രത്യേക കാര്യങ്ങൾ വിശദീകരിക്കുന്ന പൊതുയോഗ നോട്ടീസ് അടക്കമുള്ള 2025--'26ലെ വാർഷിക റിപ്പോർട്ട് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

നോട്ടീസിന്റെ വിവരങ്ങൾ 3 ദിവസത്തിനുള്ളിൽ കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗങ്ങളുടെ ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്നതായിരിക്കും. കമ്പനിയുടെ അംഗങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിലോ ഫോൺ നമ്പറിലോ ബന്ധപ്പെട്ട് അവരുടെ ഇ-മെയിൽ വിലാസം രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്.

ഇ-മെയിൽ: CUNL1607@GMAIL.COM
ഫോൺ നമ്പർ: 75609 26770

ബോർഡിന്റെ ആജ്ഞാനുസരണം
ചമ്പക്കര അർബൻ നിധി ലിമിറ്റഡിനു വേണ്ടി
(ഒപ്പ്) ജിജികുമാർ വി.കെ.
മാനേജിംഗ് ഡയറക്ടർ
ഡിൻ - 08511614
സ്ഥലം:പൂണിത്തുറ,
തീയതി:07.09.2026.
E2609-601834

നെടുമ്പാശ്ശേരി സഹകരണ നിധി ലിമിറ്റഡ്
(CIN: U65990KL2020PLN063249)
ആലുക്കൽസ് ബിൽഡിംഗ്, സൊസൈറ്റി ജംഗ്ഷന് സമീപം, മേക്കാട് പി.ഒ., മേക്കാട്, എറണാകുളം, പിൻ : 683 589

വാർഷിക പൊതുയോഗ നോട്ടീസ്

നെടുമ്പാശ്ശേരി സഹകരണ നിധി ലിമിറ്റഡിന്റെ അംഗങ്ങളുടെ 6-ാമത് വാർഷിക പൊതുയോഗം 2026 സെപ്തംബർ 29, ചൊവ്വാഴ്ച വൈകുന്നേരം 4 മണിക്ക് ആലുക്കൽസ് ബിൽഡിംഗ്, സൊസൈറ്റി ജംഗ്ഷന് സമീപം, മേക്കാട് പി.ഒ., മേക്കാട്, എറണാകുളം. പിൻ - 683589 ലെ കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിൽ ചേരുന്നതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

യോഗത്തിൽ പരിഗണിക്കുന്ന പ്രത്യേക കാര്യങ്ങൾ വിശദീകരിക്കുന്ന പൊതുയോഗ നോട്ടീസ് അടക്കമുള്ള 2025 '26ലെ വാർഷിക റിപ്പോർട്ട് കമ്പനിയുടെ രജിസ്ട്രേഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

നോട്ടീസിന്റെ വിവരങ്ങൾ 3 ദിവസത്തിനുള്ളിൽ കമ്പനിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അംഗങ്ങളുടെ ഇ-മെയിൽ വിലാസത്തിൽ ലഭിക്കുന്നതായിരിക്കും. കമ്പനിയുടെ അംഗങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസത്തിലോ ഫോൺ നമ്പറിലോ ബന്ധപ്പെട്ട് അവരുടെ ഇ-മെയിൽ വിലാസം രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ്.

ഇ-മെയിൽ: nsndirector@gmail.com
ഫോൺ നമ്പർ: 96330 23900

ബോർഡിന്റെ ആജ്ഞാനുസരണം
നെടുമ്പാശ്ശേരി സഹകരണ നിധി ലിമിറ്റഡിനു വേണ്ടി
(ഒപ്പ്) മനോജ് നാരായണൻ ഉണ്ണി
മാനേജിംഗ് ഡയറക്ടർ
ഡിൻ - 03249947
സ്ഥലം: മേക്കാട്,
തീയതി:07.09.2026
E2609-601841

നോട്ടീസ്

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, റീജിയണൽ ഓഫീസ്, എറണാകുളം
രണ്ടാം നില, യൂണിയൻ ബാങ്ക് ഭവൻ, എം.ജി. റോഡ്, എറണാകുളം-682035
ഫോൺ: 0484-2353969. ഇ-മെയിൽ: crld.roernakulam@unionbankofindia.bank.in

സ്വർണ്ണ പണ്ട ലേലവിൽപ്പന പരസ്യം

വായ്പ നമ്പരിലെ ബാധ്യത തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതായി താഴെപറയുന്ന വ്യക്തികളെ അറിയിക്കുന്നു. രജിസ്റ്റേർഡ് തപാൽ മുഖേന അയച്ച നോട്ടീസ് കൈപ്പറ്റാതെ തിരികെ ബാങ്കിൽ ലഭിച്ചിരിക്കുന്നു. അതിനാൽ ബാധ്യതയും മറ്റും തീർക്കാൻ വായ്പക്കാരോട് അഭ്യർത്ഥിക്കുകയും കുടിശ്ശിക തിരികെ അടച്ച് പണയം വെച്ചിരിക്കുന്ന ഉരുപ്പടികൾ **23-09-2026** ന് മുമ്പായി തിരിച്ചെടുക്കാവുന്നതും ആയതിൽ വീഴ്ച വരുത്തിയാൽ ടി ഉരുപ്പടികൾ **23-09-2026** ന് ഉച്ചയ്ക്ക് ശേഷം **2.30 മണിക്ക്** അല്ലെങ്കിൽ അതിന് ശേഷമുള്ള മറ്റേതെങ്കിലും സൗകര്യപ്രദമായ തീയതിയിൽ വായ്പക്കാരുടെ ചെലവിൽ ബാങ്കിന്റെ സമ്പൂർണ്ണ വിവേചനാധികാരത്തിൽ ബാങ്ക് ശാഖ പരിസരത്ത് വച്ച് പൊതു ലേലത്തിൽ വിൽക്കുന്നതായിരിക്കും. താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ശാഖ മാനേജരെ ബന്ധപ്പെടുക.

ക്രമ നം.	വായ്പാ തീയതി	വായ്പാ നമ്പർ	വായ്പക്കാരുടെ പേരും വിലാസവും	ലേല സ്ഥലം
1.	20-03-2025	345206630000918	**അഖിൽ. കെ.എ,** കൊച്ചുപറമ്പിൽകളത്തിൽ ഹൗസ്, മഞ്ഞുമ്മൽ, ഏലൂർ, പിൻ:683501	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, മഞ്ഞുമ്മൽ വരാപ്പുഴ ശാഖ
2.	22-10-2025	423006630000075	**ഡേവിഡ് റ്റി. തോമസ്,** തേക്കുംകാട്ടിൽ, പുളിന്താനം, പോത്താനിക്കാട്. പിൻ:686671	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പോത്താനിക്കാട് ശാഖ
3.	05-12-2024	423706630000102	**സോമലത. കെ,** സോമലത മന്ദിരം, ശാന്തിഗിരി, കീഴ്തോന്നയ്ക്കൽ, ശാന്തിഗിരി, പിൻ:695589	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പൊന്നുരുന്നി ശാഖ
4.	29-05-2026	453806540023267	**എം.ഒ. എബ്രഹാം,** മുല്ലക്കൽ ഹൗസ്, പൂത്രിക്ക. പി.ഒ., പൂത്രിക്ക പിൻ:682308	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പൂത്രിക്ക ശാഖ
5.	20-05-2023	607906540019037	**സിജു ജോസഫ്,** ഹൗസ് നം. 25, വേലംകുഴിയിൽ ഹൗസ്, പിറവം. പി.ഒ., പിൻ:686664	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, പിറവം ശാഖ
6.	26-07-2022	741306540008488	**ആനന്ദ ഹരിഹരൻ,** അമ്പേലിതിട്ടയിൽ ഹൗസ്, അചലശ്ശേരി ക്ഷേത്രത്തിന് സമീപം, കുഴുപ്പിള്ളി, പിൻ:682501	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, എടവനക്കാട് ശാഖ

കുറിപ്പ്: ബാങ്കിൽ പണയം വെച്ചിരിക്കുന്ന ആഭരണങ്ങൾ മുകളിൽ സൂചിപ്പിച്ച തീയതിയിൽ ലേലത്തിൽ വെയ്ക്കുകയും വായ്പക്കാർ ടി തീയതിക്ക് മുമ്പായി നോട്ടീസിനുള്ളിലെ ബാധ്യതകൾ തീർപ്പാക്കി ഉരുപ്പടികൾ തിരിച്ചെടുക്കേണ്ടതുമാണ്. അല്ലെങ്കിൽ സ്വർണ്ണാഭരണങ്ങൾ ലേലം ചെയ്യുന്നതായിരിക്കും. കൂടാതെ ബാക്കിയുള്ള ബാധ്യത തുകയ്ക്ക് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള മറ്റ് റിക്കവറി നടപടികളുമായി ബാങ്ക് മുന്നോട്ട് പോകുന്നതായിരിക്കും.

തീയതി: 03-09-2026. (ഒപ്പ്) അധികാരപ്പെട്ട ഉദ്യോഗസ്ഥൻ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
E2609-601866

നോട്ടീസ്

ടെൻഡർ നോട്ടീസ്
അക്വിനാസ് കോളേജ്, ഇടക്കൊച്ചി

കമ്പ്യൂട്ടറുകൾ റിപ്പയറിംഗ് ചെയ്യുന്നതിനും അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുമായി അംഗീകൃതരും പരിചയ സമ്പന്നരുമായ ഡീലർമാരിൽ നിന്നും വിതരണക്കാരിൽ നിന്നും സീൽ ചെയ്ത ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡറുമായി ബന്ധപ്പെട്ട **സേവനങ്ങളുടെ വിശദാംശങ്ങൾ, സാങ്കേതിക സവിശേഷതകൾ, നിബന്ധനകൾ, വ്യവസ്ഥകൾ, ടെൻഡർ ഫോം** എന്നിവ കോളേജ് ഓഫീസിൽ നിന്നും ഓഫീസ് സമയങ്ങളിൽ ലഭിക്കുന്നതാണ്.

ടെൻഡർ നമ്പർ: AC/PC/2026-27/01
പ്രസിദ്ധീകരണ തീയതി: 07-09-2026
ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും: 22-09-2026, 3:00 PM
ടെൻഡർ തുറക്കുന്ന തീയതിയും സമയവും: 25-09-2026, 12:00 PM
ഇ.എം.ഡി: 1,500/-
ബന്ധപ്പെടേണ്ട ഫോൺ: 9946114851
ഇ-മെയിൽ: aquinascollegemail@gmail.com

മാനദണ്ഡങ്ങൾക്ക് വിധേയമായി ടെൻഡറുകൾ സ്വീകരിക്കാനോ നിരസിക്കാനോ ഉള്ള അവകാശം കോളേജ് അധികൃതർക്ക് ഉണ്ടായിരിക്കുന്നതാണ്.

പ്രൊഫ. ഡോ. ജോസഫ് ജോൺ
പ്രിൻസിപ്പൽ
അക്വിനാസ് കോളേജ്, ഇടക്കൊച്ചി
കൊച്ചി 682010
മൊബൈൽ: 9847430489
E2609-601862

പഞ്ചാബ് നാഷണൽ ബാങ്ക് / punjab national bank
എ. ആർ. എം. ബി, എറണാകുളം, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) & 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേലവിൽപ്പന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപ്പന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഇ-ലേല തീയതിയും സമയവും: 24.09.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര്/വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാധ്യതയുടെ വിശദാംശങ്ങൾ
1	**PNB, ARMB, എറണാകുളം** **ശ്രീ.റെജി എം.പി.** S/o പൗലോസ്, **ശ്രീമതി. അജിത.ആർ,** W/o റെജി എം.പി. താമസം: C C, ഡോർ നമ്പർ 54/2746-B2, ജവഹർ നഗർ, കടവന്ത്ര, എറണാകുളം-682021, മറ്റൊരു വിലാസം: B1, പേൾ വ്യൂ അപ്പാർട്ട്മെന്റ്, SMP കോളനി റോഡ്, ആസാദ് ജംഗ്ഷൻ, തൃപ്പൂണിത്തുറ, എറണാകുളം-682301	തൃപ്പൂണിത്തുറയിൽ പഴയ സർവേ നം. 1463/ 2,1463/3 & റീ സർവേ നം. 28, ബ്ലോക്ക് നം. 276 ൽ പെട്ട ശ്രീ. റെജി മലയിൽ, S/o പൗലോസ് എന്നയാളുടെ പേരിലുള്ള 4.05 ആർസ് സ്ഥലത്തിലെ 7/21 വിഭജിക്കാത്ത അവകാശവും അതിലിരിപ്പ് ബഹുനില കെട്ടിടവും (ഡോർ നം. 21/663-S) അതിലുള്ള പൊതുവായ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവകാശവും മറ്റു ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്:** കൊല്ലാട്ട് ജോസഫ് വക വസ്തു, **പടിഞ്ഞാറ്:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, **വടക്ക്:** പൊതുറോഡ്; **തെക്ക്:** മങ്കുടി തമ്പുരാൻ വക വസ്തു.	(എ) 13(2) - 12.10.2018 (ബി) 31.08.2026ലെ രൂപ **2,87,83,665.12** (രണ്ട് കോടി എൺപത്തി ഏഴ് ലക്ഷത്തി എൺപത്തി മൂവായിരത്തി അറുന്നൂറ്റി അറുപത്തി അഞ്ച് രൂപ പന്ത്രണ്ട് പൈസ)യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശമെടുത്ത തീയതി: 29-12-2018 (ഡി) ക്രിയാത്മക കൈവശം	(എ) രൂപ 96,00,000/- (ബി) രൂപ 9,60,000/- (സി) രൂപ 50,000/-	അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല
2	**PNB, ARMB, എറണാകുളം** **ശ്രീമതി. മറിയ ബീവി,** W/o സാദിക്ക് അഹമ്മദ്, ബെദ്രിയ ഹൗസ്, വെള്ളിപറമ്പ്, കുറ്റിക്കാട്ടൂർ, കോഴിക്കോട് - 673008 **ശ്രീ. സിറാജുദ്ദീൻ** (ജാമ്യക്കാരൻ), S/o അലി ഹസ്സൻ, വക്കത്ത് പുഴമ്പുറത്ത് വീട്, പാലാഴി പി.ഒ, പന്തീരാങ്കാവ് കോഴിക്കോട് - 673014	(1) എറണാകുളം ജില്ലയിൽ, മൂവാറ്റുപുഴ താലൂക്കിൽ, ആരക്കുഴ വില്ലേജിൽ, ആരക്കുഴ പഞ്ചായത്തിൽ, സർവേ നം. 9/9/5 ൽ പെട്ട ശ്രീമതി.മറിയ ബീവിയുടെ പേരിലുള്ള 6.07 ആർസ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും (നം.IX/322 F) തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** പൊറ്റയ്ക്കൽ മത്തായി വക വസ്തു, **തെക്ക്:** നടവഴി & അയാലിക്കൽ കുഞ്ഞൻ വക വസ്തു, **കിഴക്ക്:** പൊറ്റയ്ക്കൽ സിസിലി വക വസ്തു, **പടിഞ്ഞാറ്:** എം.സി.റോഡ്.	(എ) 13(2) - 30.04.2025 (ബി) 31-08-2026 ലെ രൂപ **1,96,16,295.78** (ഒരു കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ എഴുപത്തി എട്ട് പൈസ) യും 01-09-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശനോട്ടീസ് തീയതി: 29/07/2025 (ഡി) ക്രിയാത്മക കൈവശം	(എ) രൂപ 1,29,00,000/- (ബി) രൂപ 12,90,000/- (സി) രൂപ 1,00,000/-	അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല
		(2) എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, മഴുവന്നൂർ വില്ലേജിൽ, പഴയ സർവേ നം. 86/1, 86/2A, റീ.സർവേ നം.376/16-2-2 ൽ പെട്ട ശ്രീമതി.മറിയ ബീവിയുടെ പേരിലുള്ള 4.05 ആർസ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും (നം.14/337/E) തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** പഞ്ചായത്ത് റോഡ് & സ്വകാര്യ റോഡ്, **തെക്ക്:** ബേസിൽ വക വസ്തു, **കിഴക്ക്:** സൂസൻ ജോൺ വക വസ്തു, **പടിഞ്ഞാറ്:** ബാബു വക വസ്തു.	(എ) 13(2) - 30.04.2025 (ബി) 31-08-2026 ലെ രൂപ **1,06,46,146.31** (ഒരു കോടി ആറ് ലക്ഷത്തി നാൽപ്പത്തി ആറായിരത്തി ഒരുന്നൂറ്റി നാൽപ്പത്തി ആറ് രൂപ മുപ്പത്തി ഒന്ന് പൈസ) യും 01-09-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശനോട്ടീസ് തീയതി: 29/07/2025 (ഡി) ക്രിയാത്മക കൈവശം	(എ) രൂപ 63,00,000/- (ബി) രൂപ 6,30,000/- (സി) രൂപ 1,00,000/-	അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല
3	**PNB, ARMB, എറണാകുളം** **ശ്രീ. മാനുവൽ ജോസഫ്,** 492 B3, പുതുവീട്ടിൽ - 3, അയ്യനാട്, തൃക്കാക്കര, എറണാകുളം - 682021, മറ്റൊരു വിലാസം: സമ്മിറ്റ് ഓറിയന്റ് - 6, ജയരാജ് അപ്പാർട്ട്മെന്റ്സ്, പടമുഗൾ, കാക്കനാട്, കൊച്ചി - 682021 **ശ്രീമതി. ഡിസ്നി മാനുവൽ,** 492 B3, പുതുവീട്ടിൽ - 3, അയ്യനാട്, തൃക്കാക്കര, എറണാകുളം - 682021	എറണാകുളം ജില്ലയിൽ, ആലുവ താലൂക്കിൽ, ആലുവ ഈസ്റ്റ് വില്ലേജിൽ, ശ്രീ.മാനുവൽ ജോസഫിന്റെ പേരിലുള്ള റീ.സർവ്വേ നം. 449/14/4 & 449/14/2 (പഴയ സർവേ നം.646/1), ബ്ലോക്ക് നം.36 ൽ പെട്ട 1.59 ആർസ് വസ്തുവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും അതിലുള്ള മറ്റു സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** റോഡ്; **പടിഞ്ഞാറ്:** ഉമ്മർ & മറ്റുള്ളവർ വക വസ്തു, **കിഴക്ക്:** സജിത വക വസ്തു & റോഡ്, **തെക്ക്:** സജിത വക വസ്തു.	(എ) 13(2) - 18/12/2014 (ബി) 31-08-2026 ലെ രൂപ **67,23,155.30** (അറുപത്തി ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരത്തി ഒരുന്നൂറ്റി അൻപത്തി അഞ്ച് രൂപ മുപ്പത് പൈസ) യും 01-09-2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശനോട്ടീസ് തീയതി: 10.09.2015 (ഡി) ക്രിയാത്മക കൈവശം	(എ) രൂപ 22.00 ലക്ഷം (ബി) രൂപ 2.20 ലക്ഷം (സി) രൂപ 10,000/-	അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകളില്ല

ഇ-ലേല തീയതിയും സമയവും: 24.09.2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 23.09.2026, വൈകിട്ട് 4 മണിക്ക് മുമ്പ് | **വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 22.09.2026**

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപ്പന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപ്പന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപ്പനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപ്പന **https://Baanknet.com** എന്ന ഇ-ലേല പ്ലാറ്റ്ഫോം മുഖാന്തിരം **24.09.2026ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണി വരെയായിരിക്കും. (7).** ലേല വിൽപ്പനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 03-09-2026, സ്ഥലം: എറണാകുളം (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ.ആർ.എം.ബി., എറണാകുളം
E2609-601907

ദീപിക ക്ലാസിഫൈഡ്സ്

വായനക്കാർ ശ്രദ്ധിക്കാൻ

ഈ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങളെപ്പറ്റി വേണ്ടത്ര അന്വേഷണം നടത്തി സത്യസ്ഥിതി ബോധ്യപ്പെട്ടശേഷം മാത്രമേ അവയോടു പ്രതികരിക്കാവൂ. നേരിട്ട് അന്വേഷിച്ചശേഷമേ തുടർനടപടികളും പണമിടപാടുകളും നടത്താവൂ എന്നു വായനക്കാരോടു സവിനയം അഭ്യർഥിക്കുന്നു.

വിദ്യാഭ്യാസം

B.Sc NURSING
KVG MEDICAL COLLEGE SULLIA (NEAR M'LORE)
KIMS COLLEGE ONGOLE (A.P)
VIJAYA COLLEGE NELLORE (A.P)
KCET / NEET NOT REQUIRED
Admission Co-ordinator
97454 89423
94460 34284
K2608-601334

ക്വാളിറ്റി ഹെൽത്ത് കെയർ കോളേജ് ഓഫ് നേഴ്സിംഗ്
ഉത്രഹള്ളി, ബംഗളൂരു - 560061
നേഴ്സിംഗ് അഡ്മിഷൻ
ബിഎസ്‌സി നേഴ്സിംഗ് - BSc. (N)
ജനറൽ നേഴ്സിംഗ് - GNM
മലയാളി മാനേജ്മെന്റിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സ്ഥാപനം
• 24 വർഷമായി കർണാടകയിൽ എല്ലാവിധ അംഗീകാരത്തോടുകൂടി പഠനരംഗത്തു പ്രവർത്തിക്കുന്ന മലയാളികളുടെ സ്വന്തം സ്ഥാപനം • എല്ലാവിധ അംഗീകാരത്തോടുംകൂടി കുട്ടികൾക്ക് 100% വിജയം നേടിക്കൊടുക്കുന്നു • ഹോസ്പിറ്റൽ പരിശീലനവും അതോടൊപ്പം സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ ട്രെയിനിംഗ് എന്നിവ നൽകുന്നു • ലോൺ എടുക്കുന്നതിനും ഫീസ് തവണകളായി അടക്കുന്നതിനുമുള്ള സൗകര്യം • ഹോസ്റ്റൽ സൗകര്യം • കേരളീയ ഭക്ഷണം.
അഡ്മിഷന് വിളിക്കുക:
Principal or Chairman
Ph: 7975 59 10 37
9845 27 75 57
Z2608-599585

ഹോം നഴ്സിംഗ്

ഹോം നേഴ്സിംഗ്
രോഗീപരിചരണത്തിൽ പരിചയമുള്ളവരും, പ്രസവശുശ്രൂഷ, വീട്ടുജോലി (സ്ത്രീ/പു.) എന്നീ ജോലികൾക്കും ജോലിക്കാർക്കും. അഡ്വാൻസ് ശമ്പളം അടയ്ക്കാതെ സർവീസ് ലഭിക്കുന്നതിന്.
വെസ്റ്റേൺ, മുട്ടം, തൊടുപുഴ
ഫോൺ: 9446813356
9388810095
K2607-596757

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു
9846237864
T2609-601761

മാതാ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
97452 03275
ബ്ലോക്ക്, മെയിന്റനൻസ് റിപ്പയറിംഗ്. ദുർഗന്ധമില്ലാതെ ജില്ലയിൽ എവിടെയും രാത്രിയും പകലും വൃത്തിയാക്കുന്നു.
T2608-600233

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്
7994114456
മണമില്ലാതെ, ബ്ലോക്ക് മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു.
T2608-600501